LIBRARY ARCHIVES Kerala Legislative Assembly

അയ്യമ്പുഴ-മഞ്ഞപ്ര റോഡിൽ കോതായിതോട് പാലം

235 (5320) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയ്യമ്പുഴ-മഞ്ഞപ്ര റോഡിൽ ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന കോതായിതോട് പാലത്തിന്റെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 375 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) 12-8-2010-ൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ച ഈ പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കാനും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനും സാധിക്കാത്തതിന് ഉത്തരവാദികൾ ആരാണെന്നും ഇവർക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിന് കാരണം എന്തെന്നും വിശദമാക്കാമോ ;

(ഡി) നടപടിക്രമങ്ങളിലെ അനാസ്ഥകൾ കൊണ്ട് അനാവശ്യതെറ്റുകൾ വരുത്തി വിശദീകരണ റിപ്പോർട്ടുകൾ ആവശ്യപ്പെട്ട് കോതായിതോട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാര്യത്തിൽ കാലതാമസം വരുത്തുന്നത് പരിഹരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ ;

(ഇ) സ്ഥലമെടുപ്പ് നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകേണ്ടത് റവന്യൂ വകുപ്പാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ പുരോഗതിയിലാണ്. ആവശ്യമായ ഭൂമി ലഭ്യമായതിനുശേഷമേ തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.

പാലങ്ങളിലെ ടോൾ പിരിവ്

236 (5321) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളിൽ ടോൾ പിരിവിന് അനുമതി നല്കിയവയുടെ എണ്ണം വ്യക്തമാക്കാമോ ;